# കുറ്റവാളികൾ: ആരുടെ സൃഷ്ടി?

ജസി പാറത്തുണ്ടിൽ

ഇങ്ങനെയൊരു ലേഖന പരമ്പരയെഴുതാൻ എനിക്കു പ്രചോദനം ലഭിച്ചത് സർവ്വ ശക്തനായ ദൈവത്തിൽ നിന്നാണ്. 21-ാമത്തെ വയസ്സിൽ നേഴ്‌സിംഗ് പഠനത്തിനു ശേഷം അമേരിക്കയിലെത്തിയ എനിക്ക് ആദ്യകാല മലയാളി പ്രവാസി കുടുംബജീവിതങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും അപഗ്രഥിക്കാനുള്ള അവസരമുണ്ടായി. അതിൽ നിന്നും ലഭിച്ച അറിവ് സ്വന്തം ജീവിതത്തിൽ പ്രയോജനകരമായി. ദൈവിക പരിപാലനയിലൂടെ എനിക്കു ലഭിച്ച ജ്ഞാനം, വായനാശീലത്തിലൂടെ കിട്ടിയ അറിവ് എന്റെ അനുഭവ സമ്പത്ത്, മറ്റു ജീവിതങ്ങളിൽ നിന്നു ലഭിച്ച പാഠങ്ങൾ (വിജയവും പരാജയവും) എന്നിവയെ കോർത്തിണക്കി ഒരു ലേഖന പരമ്പരയെഴുതണമെന്ന് ദൈവിക പ്രേരണ ലഭിച്ചിട്ട് കുറച്ചു നാളുകളായെങ്കിലും, ഒരു ഇടവേളക്കു ശേഷം വീണ്ടുംഴുതി തുടങ്ങുവാൻ എനിക്ക് ശക്തി ലഭിച്ചത് ശ്രീ. ജോയിച്ചൻ പുതുക്കുളത്തിൽ നിന്നും ലഭിച്ച ഒരു ഫോൺ സന്ദേശം. ദൈവം തന്ന കഴിവുകൾ ഉപയോഗിക്കണം, “കുട്ടിയെ പോലെ കഴിവുള്ള എഴുത്തുകാർ സമൂഹത്തിനു വേണ്ടി എഴുതണം”. അദ്ദേഹത്തിന്റെ സ്നേഹനിർഭരമായ ഈ ഉപദേശം എനിക്കു തിരസ്ക്കരിക്കാനായില്ല. സർവ്വേശ്വരനെ പ്രണമിച്ചുകൊണ്ട് എഴുതുന്നു.

മനുഷ്യ മനഃസാക്ഷിയെ പിടിച്ചുലക്കുന്ന കൂട്ടക്കൊലകളും, കുറ്റകൃത്യങ്ങലും അക്രമവാസനയും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ, ഇത്തരം നീച പ്രവൃത്തികളുടെ മൂലബിന്ദു ആരായുകയും അതിന്റെ പ്രതിവിധി കണ്ടെത്തുകയും ചെയ്യുക എന്നത് സാമൂഹ്യപ്രതിബദ്ധതയാണ്. കൂട്ടക്കൊലകളുടെയും മൃഗീയ പീഢനങ്ങളുടെയും ഉത്തരവാദികൾ വൃണിത ബാല്യങ്ങളുടെ ഉടമകളാണെന്ന് ചരിത്രത്തിൽ നിന്നും കുറ്റകൃത്യങ്ങളുടെ മനഃശാസ്ത്രഗവേഷണനങ്ങളിൽ നിന്നും മനസ്സിലാക്കാം. ഉദാ- ഹിറ്റ്ലർ, ഡോണാൾഡ് ഹെന്റി, ട്സുടോമുമിയാസാകി, ലൂയിസ് ഗരാവിറ്റോ തുടങ്ങിയവർ. ലോകചരിത്രം തന്നെ  തിരുത്തിക്കുറിച്ച ഹിറ്റ്ലർ വളർന്നുവന്നത് മുറിവേറ്റ ഹൃദയവും തീർത്താൽ തീരാത്ത പകയുള്ള മനസ്സുമായാണ്. ആരും കുറ്റവാളിയായോ, കൊലയാളിയായോ ജനിക്കുന്നില്ല. കെട്ടുറപ്പുള്ള കുടുംബ പശ്ചാത്തലത്തിൽ അഥവാ ആത്മീയവും മാനസികവും ബൗദ്ധികവുമായി നല്ല ബന്ധങ്ങൾ പുലർത്തുന്ന കുടുംബങ്ങളിൽ വളരുന്ന കുട്ടികളിൽ അക്രമവാസനകൾ താരതമ്യേന വളരെ കുറവുമായിരിക്കും. അവർ ഭാവിയിൽ കുടുംബത്തിനും സമൂഹത്തിനും ഉപകാരികളായി മാതൃകാജീവിതം നയിക്കുന്നവരായിരിക്കും.

ആത്മീയവും മാനസികവും ബൗദ്ധികവും ശാരീരികവുമായി ആരോഗ്യമുള്ള കുട്ടികളെ വാർത്തെടുക്കുകയെന്നത് ഓരോ മാതാപിതാക്കളുടെയും ധർമ്മാണ്, അതിനുള്ള സാമൂഹിക പശ്ചാത്തലമൊരുക്കുകയെന്നത് സമൂഹത്തിന്റെ പ്രതിബദ്ധതയുമാണ്.

യാതൊരു വിധ പരിശീലനമോ മുൻപരിചയമോ ഇല്ലാതെ നാമേറ്റെടുക്കുന്ന ഒരു ഭാരിച്ച ഉത്തരവാദിത്തമാണ് മാതാപിതാക്കൾ ആവുകയെന്നത്. ഇക്കാര്യത്തിൽ ഗണിതസൂക്തമോ രാസസൂക്തമോ പോലെ മാതാപിതാക്കൾക്ക് അനുകരിക്കാൻ ഒരു പ്രാമാണിക സൂത്രം ഇല്ലായെന്നത് ഒരു നഗ്നസത്യമാണ്. ഓരോ കുടുംബ പശ്ചാത്തലവും ജീവിതരീതികളും സാമൂഹിക സാംസ്ക്കാരിക പരിസ്ഥിതികളും സാമ്പത്തിക ഏറ്റക്കുറച്ചിലുകളും സാമൂഹിക സാംസ്ക്കാരിക സ്വഭാവരൂപവത്ക്കരണത്തെ ബാധിക്കും. കുട്ടികളുടെ വളർച്ചയുടെ ഓരോ ഘട്ടങ്ങളിലും മാതാപിതാക്കളുടെ ധർമ്മങ്ങൾ മനസ്സിലാക്കി അതനുസരിച്ച് കുട്ടികളെ ആത്മീയവുമായി മാനസികമായും ബൗദ്ധികമായും ശാരീരികമായും പരിപോഷിപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ കുട്ടികളുടെ വളർച്ചയുടെ തലങ്ങളിൽ വിള്ളലുകൾ ഉണ്ടായിരിക്കും. അത് ഭാവിയിൽ അവരെ പല മേഖലകളിലും സാരമായി ബാധി

ക്കും. ഒരാളുടെ സ്വഭാവ വൈകല്യങ്ങൾക്ക് ഒരു സംസ്ക്കാരത്തെയോ, കാലത്തെയോ മതവിഭാഗങ്ങളെയോ പഴി ചാരേണ്ടതില്ല. വായനക്കാരിൽ നിരീശ്വരവാദികളുണ്ടെങ്കിൽ സദയം ക്ഷമിക്കുക. മനുഷ്യവളർച്ച അതിന്റെ പൂർണ്ണതയ കൈവരിക്കുന്നത് ദൈവികത ഉൾക്കൊള്ളുമ്പോഴാണ് എന്നു വിശ്വസിക്കുന്ന ഞാൻ ക്രിസ്തുമത വിശ്വാസിയാണ്. എങ്കിലും എല്ലാ മതങ്ങളെയും ബഹുമാനിക്കുന്ന എല്ലാ മതങ്ങളിലും നന്മയുണ്ടെന്നു വിശ്വസിക്കുന്നു. ബൈബിൾ വായിക്കുന്നതോടൊപ്പം വ്യാഖ്യാനങ്ങൾക്കായി ഖുറാൻ, മഹാഭാരതം, ആദ്ധ്യാത്മരാമായണ തുടങ്ങിയ മതഗ്രന്ഥങ്ങളും വായിക്കാറുണ്ട്. വി. ബൈബിളിൽ സുഭാഷിതങ്ങൾ 22:6 ൽ ഇങ്ങനെയെഴുതിയിരിക്കുന്നു. “ശൈശവത്തിൽത്തന്നെ നടക്കേണ്ട വഴിപരിശീലിപ്പിക്കുക. വാർദ്ധക്യത്തിലും അതിൽ നിന്നു വ്യതിചലിക്കുകയില്ല”. മനഃശാസ്ത്രജ്ഞർ പറയുന്നത് ഒരു കുട്ടിയുടെ വ്യക്തിത്വം രൂപവത്ക്കരിക്കപ്പെടുന്നത് അഞ്ചു വയസ്സു വരെയുള്ള കാലഘട്ടത്തിലാണ് എന്നാണ്. മനു മഹർഷിയുടെ നീതിസാരത്തിൽ നാമിങ്ങനെ വായിക്കുന്നു.

“രാജവൽ പഞ്ചവർഷാണി
ദശവർശാണി ദാസവൽ
പ്രാപ്തേ ഷോഡശവർഷേതു
പുത്രം മി ത്രവദാ ച രേൽ”

അതായത് അഞ്ചു വയസ്സു വരെ പുത്രന്മാരെ (പുത്രിമാരെയും) രാജാവിനെപ്പോലെ കാണണം. പതിനഞ്ചു വയസ്സു നരെ ഭൃത്യനെപ്പോലെ കാണണം, പതിനാറു മുതൽ അവരെ മിത്രങ്ങളായും കാണണം.

ആർഷ ഭാരത സംസ്ക്കാരത്തിന്റെ ഭാഗമായിരുന്ന ഗുരുകുല വിദ്യാഭ്യാസ രീതികളും ഈ പദ്യവരികൾ പാലിച്ചിരുന്നതായി നമുക്കറിയാം. അഞ്ചു വയസ്സിനു ശേഷമായിരുന്നു ഗുരുകുല വിദ്യാഭ്യാസം തുടങ്ങിയിരുന്നത്.

അഞ്ചു വയസ്സു വരെ രാജാവിനെപ്പോലെ കരുതണമെങ്കിലും അവരുടെ മനസ്സുകളിൽ ആഴമായ മുറിവേൽപ്പിക്കാത്ത രീതിയിലുള്ള ശിക്ഷണ നടപടികളും കൊച്ചു കൊച്ചു നിയന്ത്രണങ്ങളുമേർപ്പെടുത്താവുന്നതാണ്. പതിവായ നടത്തം, സൈക്കിൾ സഞ്ചാരം, പാർക്കിലുള്ള ഊഞ്ഞാലിലും മറ്റുമുള്ള കേളീവിനോദങ്ങൾ തുടങ്ങിയവ കുട്ടികളുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്കു നല്ലതാണ്. പ്രാർത്ഥനയ്ക്കു ശേഷം പാട്ടുപാടി കുട്ടിക്കഥകൾ പറഞ്ഞ് അമ്മയുടെ കൂടെയുറങ്ങുന്ന കുട്ടി നല്ല സുരക്ഷിതത്വബോധത്തോടെ അനാവശ്യപേടിയില്ലാതെയായിരിക്കും വളരുക. കഥകൾ തിരഞ്ഞെടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത് എന്തെങ്കിലും ഗുണപാഠങ്ങളുള്ള കഥകളായിരിക്കണം. പേടിപ്പിക്കുന്നതും വൈരാഗ്യമുള്ളതും പ്രതികാര മനോഭാവമുള്ളതുമായ കഥകൾ പറഞ്ഞത് അവരുടെ കുരുന്നു മനസ്സുകളെ ശിഥിലമാക്കരുത്. ബൈബിൾ കഥകളായിരുന്നു ഞാൻ കുട്ടികൾക്ക് ആദ്യം പറഞ്ഞുകൊടുത്തിരുന്ന കഥകൾ. പിന്നീട് അവരുടെ പ്രായത്തിനനുസരിച്ച് പഞ്ചതന്ത്രകഥകൾ, മഹാഭാരതത്തിലെയും രാമായണത്തിലെയും ഉപകഥകൾ ഹോജാകഥകൾ തുടങ്ങിയവയും എന്റെ തുടർക്കഥയുടെ ഭാഗമാക്കിയിരുന്നു. അവരവരുടെ നൻമതിൽമകൾക്കനുസരിച്ച് ദൈവം മനുഷ്യർക്ക് പ്രതിഫലം നൽകുന്ന ഒരു ഉറച്ച വിശ്വാസം അഥവാ ബോധ്യം കുട്ടികളിൽ വളർത്തിയെടുക്കാൻ ഗുണപാഠങ്ങളുള്ള ചെറുകഥകളിലൂടെയെനിക്കു കഴിഞ്ഞു. ഖുറാനിൽ ഭാഗം 25-ന്റെ 15-ൽ ഇങ്ങന പറയുന്നു. “വല്ലവരും നല്ലതു പ്രവർത്തിച്ചാൽ അത് അവന്റെ ഗുണത്തിന് തന്നെയാണ്, വല്ലവരും തിന്മ പ്രവർത്തിച്ചാൽ അതിന്റെ ദോഷവും അവന് തന്നെയാണ്”. മഹാഭാരതത്തിൽ സഞ്ജയൻ ധൃതരാഷ്ട്രരോട് പറയുന്ന ഒരു പ്രസ്താവനയുണ്ട്. “രാജാവേ, അങ്ങേക്ക് എല്ലാം ചെയ്യാൻ കഴിയുമായിരുന്നു പക്ഷേ സ്നേഹം നിമിത്തം ദുഷ്പ്രവൃ

ത്തികളിൽ നിന്നു പോലും പുത്രന്മാരെ വിലക്കിയില്ല. അതിന്റെയെല്ലാം ഫലം വരാനിരിക്കുന്നതേയുള്ളൂ". സ്വന്തം കുട്ടികളെ നേർവഴിക്കു വളർത്താത്തതിന്റെ പരിണിതഫലം ധൃതരാഷ്ടരർ അനുഭവിച്ചത് നമുക്കറിയാമല്ലോ. ആത്മീയ ചൈതന്യവും നൻമ തിന്മകളെക്കുറിച്ചുള്ള അറിവും വേർതിരിവും അതിന്റെ പരിണിതഫലങ്ങളും മനസ്സിലാക്കി കുട്ടികളെ നേർവഴിക്കു തെളിക്കുക എന്നത് മാതാപിതാക്കളുടെ ധർമ്മമാണ്. കുട്ടികൾ ആവശ്യപ്പെടുന്നതെല്ലാം സാധിച്ചുകൊടുക്കുന്നതല്ല യഥാർത്ഥ സ്നേഹം. ചോദിക്കുന്നതെല്ലാം കിട്ടുന്ന കുട്ടികൾക്ക് സ്വന്തമായി ഒന്നും നേടണമെന്നുള്ള പ്രചോദനമില്ലാതെ പോകുന്നു. സ്വന്തമായി അദ്ധ്വാനിച്ച് നേടുന്നതിൽ നിന്നും കിട്ടുന്ന ആത്മവിശ്വാസവും ഇക്കൂർട്ടർക്ക് കുറവായിരിക്കും. കുട്ടികൾ എന്തു നല്ലകാര്യം ചെയ്താലും അവരെ അനുമോദിക്കുക. അതിനു പ്രതിഫലമായി എന്തെങ്കിലും ചെറിയ സമ്മാനങ്ങൾ നൽകുക. അത് അവർക്ക് കൂടുതൽ നല്ല കാര്യങ്ങൾ ചെയ്യാനുള്ള പ്രചോദനമായിരിക്കും. എന്തെങ്കിലും കാര്യത്തിൽ അവർ പുറകിലായാൽ അവരുടെ മനസ്സുകളെ വൃണപ്പെടുത്തുന്ന ശകാര വാക്കുകൾ പറയാതെ 'സാരമില്ല' എന്നു പറഞ്ഞ് അവരെ ആശ്വസിപ്പിച്ച്, പരിശ്രമിക്കുന്നതിനുള്ള പ്രചോദനം കൊടുത്താൽ അവർ ക്രമേണ മുൻപിലെത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ബൈബിളിലെ സുഭാഷിതങ്ങൾ 3:27-ൽ നിനക്കു ചെയ്യാൻ കഴിവുള്ള നന്മ അതു ലഭിക്കാൻ അവകാശമുള്ളവർക്കു നിഷേധിക്കരുത്. മറ്റുള്ളവർക്ക് ഉപകാരപ്രദമായ ഒരു മനഃസ്ഥിതി സൃഷ്ടിച്ചെടുക്കുക എന്നത് മാതാപിതാക്കളുടെ മറ്റൊരു ധർമ്മമാണ്. ഖുറാനിൽ ഭാഗം 30-ന്റെ 9, 10 "അതു കൊണ്ട് അനാഥനെ താങ്കൾ കീഴടക്കി വെക്കരുത്. യാചകരെ വിരട്ടിയോടിക്കുകയും ചെയ്യരുത്".

ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ?

കുഞ്ഞുന്നാളിലേ ഉറച്ചുപോയ ശീലങ്ങൾ മനുഷ്യൻ ഒരിക്കലും മറക്കുകയില്ല നല്ലതായാലും ചീത്തയായാലും, മരിക്കുവോളം അവ തുടരും. കാഞ്ഞിരത്തിന്റെ കുരു പാലിൽ ഇട്ടുവെച്ചാലും, അതങ്ങനെ എത്രകാലം വച്ചാലും, അതിന്റെ കയ്പ് ഇല്ലാതാവുമോ?

അടുത്ത ലക്കത്തിൽ "ബഹുമാനത്തിന്റെ ആവശ്യകത'.